## രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 8



# സഭ : പ്രവാചകജനം

1. പ്രവാചകന്റെ പ്രത്യേകതകൾ
2. സഭാമക്കളുടെ പ്രവാചകദൗത്യം
3. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും
4. സ്വർഗ്ഗരാജ്യത്തിന്റെ പുളിമാവ്
5. സത്യത്തിന് സാക്ഷ്യം വഹിക്കുക
6. അല്മായരും പ്രവാചകദൗത്യവും

സഭ : പ്രവാചകജനം

സഭ : പ്രവാചകജനം

# പ്രവാചകന്റെ പ്രത്യേകതകൾ

- ദൈവത്തിന്റെ ഹിതം ജനങ്ങളെ അറിയിക്കുന്നവനാണ് പ്രവാചകൻ.
- ദൈവത്തിനുവേണ്ടി അവൻ സംസാരിക്കുന്നു.
- ദൈവഹിതം സ്വജീവിതത്തിൽ പ്രായോഗികമാക്കി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

## സഭ : പ്രവാചകജനം

- മാതാവിന്റെ ഉദരത്തിൽ നിനക്കു രുപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു.

സഭ : പ്രവാചകജനം

# സഭാമക്കളുടെ പ്രവാചകദൗത്യം

- മാമ്മോദീസായിലൂടെയും തൈലാഭിഷേകത്തിലൂടെയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന സഭാമക്കളും പ്രവാചകജനമായിത്തീരുന്നു.
- ദൈവാത്മാവിനാൽ അഭിഷിക്തരും നയിക്കപ്പെടുന്നവരുമാണ് പ്രവാചകജനം.
- ആത്മാവിനെ സ്വകരിച്ച് പ്രവാചകജനമായി തീരുന്ന സഭാമക്കളുടെ ദൗത്യം മിശിഹായുടെ സാക്ഷികളാവുക എന്നതാണ്.

സഭ : പ്രവാചകജനം

## ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

- നിങ്ങൾ ഭൂമിയുടെ ഉപ്പാണ്.
- നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് .
- സമൂഹത്തിലെ തിന്മകളെ അകറ്റാനും ആത്മാവിലുള്ള ജീവിതത്തിന്റെ രുചി പകരാനുമുള്ള പ്രവാചകദൗത്യമാണ് സഭയിൽ നമുക്കോരോരുത്തർക്കുമുള്ളത്.

സഭ : പ്രവാചകജനം

# സ്വർഗ്ഗരാജ്യത്തിന്റെ പുളിമാവ്

- സത്യത്തിന്റെയും സ്നേഹത്തിന്റെയും നിസ്വാർത്ഥതയുടെയും സാക്ഷികളായി ജീവിച്ചുകൊണ്ട് ഈ ലോകത്തിൽ ദൈവരാജ്യം വളർത്താൻ ഈശോ നിക്ഷേപിച്ച പുളിമാവാണ് ക്രൈസ്തവർ.

സഭ : പ്രവാചകജനം

# സത്യത്തിന് സാക്ഷ്യം വഹിക്കുക

- സത്യത്തിന് സാക്ഷ്യം നൽകാൻവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത് .
- ഈശോയെ പോലെ ഈ ലോകത്തിൽ സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ പ്രവാചകദൗത്യം നമ്മെ കടപ്പെടുത്തുന്നു.

സഭ : പ്രവാചക ജനം

# അല്മായരും പ്രവാചകദൗത്യവും

- മാമ്മോദീസ സ്വീകരിച്ച് സഭാമക്കളായിത്തീരുന്ന ഓരോ വ്യക്തിക്കും ലഭിക്കുന്ന പ്രത്യേക വിളിയാണ് പ്രവാചകദൗത്യം.
- കൂദാശകളുടെ സ്വീകരണം വഴി ശക്തിപ്രാപിച്ചും, വിശ്വാസപ്രേരിതമായ ജീവിതം നയിച്ചും മാതൃകയാലും വചനത്താലും സുവിശേഷം പ്രചരിപ്പിച്ചുമാണ് അല്മായർ തങ്ങളുടെ പ്രവാചകദൗത്യം പ്രധാനമായും നിർവഹിക്കേണ്ടത്

## എന്റെ തീരുമാനം

എന്തെല്ലാം
പ്രതിബന്ധങ്ങൾ
നേരിടേണ്ടി വന്നാലും
ഞാൻ അസത്യം
പറയില്ല.


ഓർക്കാൻ ഒരു തിരുവചനം
മനുഷ്യർ നിങ്ങളുടെ
സൽപ്രവർത്തികൾ കണ്ട്
സ്വർഗസ്ഥനായ നിങ്ങളുടെ
പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന്
നിങ്ങളുടെ വെളിച്ചം
അവരുടെ മുൻപിൽ
പ്രകാശിക്കട്ടെ.

## നമ്മുക്കു പ്രാർത്ഥിക്കാം

തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കായി
പ്രവാചകന്മാരെയും നേതാക്കളെയും
നല്കിയ ദൈവമേ, ഏലിയായുടെ
തീക്ഷ്ണതയോടും മോശയുടെ
ധൈര്യത്തോടും കൂടി ജീവിതകാലം
മുഴുവൻ അങ്ങേക്ക് സാക്ഷികളാകാൻ
ഞങ്ങളെ സഹായിക്കേണമേ.